## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 714

16 /07/2012 - ൽ മറുപടിക്ക്

### എഫ്.സി.ഐ. ഗോഡൗണുകളിൽ കെട്ടികിടക്കുന്ന അരിയും ഗോതമ്പും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.പി.ജയരാജൻ<br>ശ്രീ.എ.പ്രദീപ് കുമാർ<br>ശ്രീ.സി.കെ.സദാശിവൻ<br>ശ്രീ.സാജു പോൾ | **ശ്രീ. അനൂപ് ജേക്കബ്.**<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ ഫുഡ് കോർപ്പറേഷൻ ഗോഡൗണുകളിൽ അരിയും ഗോതമ്പും കെട്ടിക്കിടന്ന് നശിക്കുന്നതിനുള്ള കാരണം പരിശോധിക്കുകയുണ്ടായോ; ഈ പ്രശ്നം പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (എ) എഫ്.സി.ഐ. ഗോഡൗണുകളിൽ ഭക്ഷ്യധാന്യങ്ങൾ നശിക്കുന്നതായുള്ള വാർത്ത അടിസ്ഥാനരഹിതമാണെന്ന് എഫ്.സി.ഐ. അറിയിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് മാധ്യമ വാർത്തകളുടെ അടിസ്ഥാനത്തിൽ ജനറൽ മാനേജർ തലത്തിലുള്ള ഉന്നത തല ഉദ്യോഗസ്ഥ സംഘത്തെ സംസ്ഥാനത്തിലെ വിവിധ എഫ്.സി.ഐ. ഗോഡൗണുകളിലെ ഭക്ഷ്യധാന്യങ്ങളുടെ ഗുണ നിലവാരം പരിശോധിക്കുന്നതിനായി നിയോഗിക്കുകയും. ടി സംഘം വിദഗ്ധ പരിശോധന നടത്തിയതിൽ എഫ്.സി.ഐ. ഗോഡൗണുകളിൽ സംഭരിച്ചിരിക്കുന്ന ഭക്ഷ്യധാന്യങ്ങൾ കേടുകൂടാത്തവയാണെന്ന് കണ്ടെത്തിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. |
| ബി) കേട് വന്നതും പുഴുവരിച്ചതുമായ അരി റേഷൻ കടകളിലേയ്ക്കും ഉച്ചക്കഞ്ഞിക്കായി സ്കൂളുകളിലേയ്ക്കും വിതരണം ചെയ്യാതിരിക്കുന്നതിന് നിർദ്ദേശം നൽകുമോ; | (ബി) റേഷൻ കടകളിലേക്ക് വിതരണം ചെയ്യുന്നതിന് ഗുണനിലവാരമുള്ള ഭക്ഷ്യധാന്യങ്ങൾ തന്നെയാണ് വിനിയോഗിക്കുന്നത്. ഗുണനിലവാരം ഉറപ്പു വരുത്തി മാത്രമേ ഭക്ഷ്യധാന്യങ്ങൾ വിട്ടെടുക്കാറുള്ളൂ. ഉച്ചക്കഞ്ഞിക്കായി സ്കൂളുകളിലേക്ക് നൽകുന്ന അരി കർശനമായ ഗുണനിലവാര പരിശോധനയ്ക്ക് ശേഷമാണ് വിതരണം ചെയ്യുന്നത്. ഇതിനായി പ്രത്യേക ക്വാളിറ്റി കൺട്രോൾ ഓഫീസർമാരെ നിയോഗിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | കെട്ടിക്കിടക്കുന്ന അരിയും ഗോതമ്പും സൗജന്യ നിരക്കിൽ റേഷൻ കടകൾ വഴി എ.പി.എൽ., ബി.പി.എൽ. വ്യത്യാസമില്ലാതെ കാർഡുടമകൾക്ക് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | എഫ്.സി.ഐ. ഡിപ്പോകളിൽ സംഭരിച്ചിരിക്കുന്ന അരി കേന്ദ്രസർക്കാരിന്റെ അനുമതിയില്ലാതെ സംസ്ഥാനത്തിന് വിട്ടെടുത്ത് വിതരണം ചെയ്യാൻ സാധിക്കുകയില്ല. ഓരോ വിഭാഗത്തിനും ഓരോ മാസത്തേക്കും കേന്ദ്രം അനുവദിക്കുന്ന അളവിലും നിരക്കിലും മാത്രമേ അരിയും ഗോതമ്പും എഫ്.സി.ഐ. ഡിപ്പോകളിൽ നിന്നും വിട്ടു നൽകാറുള്ളൂ. |

സെക്ഷൻ ഓഫീസർ